പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3729 30.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-ബസ്തൊഴിലാളി, മിനിസ്റ്റീരിയൽ സ്റ്റാഫ് അനുപാതം

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി :
" കെ.എൻ.എ. ഖാദർ :
" അബ്ദുറഹിമാൻ രണ്ടത്താണി :
" എൻ.എ. നെല്ലിക്കുന്ന് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പ്രശ്നങ്ങളാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരു പങ്കും ഡീസൽ ഇനത്തിലും പെൻഷൻ നൽകുന്നതിനും, മുൻകാലങ്ങളിൽ എടുത്ത വായ്പയുടെ തിരിച്ചടവ്, ഹൈക്കോടതി നിർദ്ദേശാനുസരണം മൊത്ത വരുമാനത്തിന്റെ 10% പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി പ്രത്യേക TSB Account-ൽ നടത്തുന്ന നിക്ഷേപം, മുൻകാലങ്ങളിലെ MACT Award തുകയുടെ വിതരണം, മൂലധന വായ്പയായി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്, അറ്റകുറ്റ പണികൾക്കായി സ്പെയർ പാർട്സ് വാങ്ങൽ, വാഹന ഇൻഷ്വറൻസ് എന്നീ ഒഴിവാക്കാൻ പറ്റാത്ത ചെലവുകൾക്കായി മാറ്റിവയ്ക്കുകയാണ്. നിലവിൽ പെൻഷനും ശമ്പളവും നൽകുന്നതിന് KTDFCയിൽ നിന്നും സർക്കാരിൽ നിന്നും ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കേണ്ടിവരുന്നു. ഈ നടപടി കോർപ്പറേഷനെ വീണ്ടും വൻ സാമ്പത്തിക പ്രതിസന്ധിയിലാക്കിക്കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ ബസ് തൊഴിലാളി മിനിസ്റ്റീരിയൽ സ്റ്റാഫ് അനുപാതം എത്രയാണ് ; മറ്റ് സംസ്ഥാനങ്ങളിലെ സമാനസ്ഥാപനങ്ങളുടെ അനുപാതവുമായി താരതമ്യം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകാമോ ; | (ബി) | 28.11.2008-ൽ മാനേജുമെന്റും, അംഗീകൃത തൊഴിലാളി യൂണിയനും തമ്മിൽ ഒപ്പുവച്ച ഉഭയകക്ഷി കരാർ പ്രകാരം ഷെഡ്യൂളുകളുടെ എണ്ണം അനുസരിച്ചാണ് ഓരോ യൂണിറ്റിലും മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിശ്ചയിച്ചിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിലെ അനുപാതവുമായി താരതമ്യം നടത്തിയിട്ടില്ല. |
| (സി) | തൊഴിലാളി നേതാക്കൾ, പ്രതിനിധികൾ, മാനേജീരിയൽ സ്റ്റാഫ് പ്രതിനിധികൾ എന്നിവർക്ക് നൽകി വരുന്ന ലൈറ്റ് ഡ്യൂട്ടി, ഡ്യൂട്ടി ഇളവ് എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ? | (സി) | തൊഴിലാളി നേതാക്കൾ, പ്രതിനിധികൾ, മാനേജീരിയൽ സ്റ്റാഫ് പ്രതിനിധികൾ എന്നിവർക്ക് പ്രത്യേകമായി ലൈറ്റ് ഡ്യൂട്ടി, ഡ്യൂട്ടി ഇളവ് എന്നിവ നൽകാറില്ല. |

സെക്ഷൻ ഓഫീസർ